സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.9309/22/വിജി. ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
21/05/2022.

## സർക്കുലർ

വിഷയം:- ദേവസ്വത്തിലെ പാത്രങ്ങൾ സൂക്ഷിക്കുന്നതും പരിപാലിക്കുന്നതും - സംബന്ധിച്ച്.

സൂചന:- 07/05/2022-ലെ ആർ.ഒ.സി.3426/22/വിജി. നമ്പർ ബോർഡ് ഉത്തരവ്.

ദേവസ്വത്തോടു ചേർന്നുള്ള സദ്യാലയങ്ങളിലെ പാത്രങ്ങളും മറ്റു വകകളും വിവാഹ പാർട്ടികൾക്ക് നൽകുന്നത് യാതൊരു രേഖകളും സൂക്ഷിക്കാതെ യാണെന്നും ആകയാൽ മിക്ക ദേവസ്വത്തിലേയ്ക്കും പല സമയങ്ങളിലായി അനുവദിച്ചു നൽകിയ പാത്രങ്ങളിൽ ഭൂരിഭാഗവും നഷ്ടപ്പെട്ടിട്ടുള്ളതായും പല വിജിലൻസ് പരിശോധനകളിലും പരാമർശിച്ചിട്ടുള്ളതാണ്.

ആയതിനാൽ സദ്യാലയത്തിലെ പാത്രങ്ങൾ, ഫർണിച്ചറുകൾ എന്നിവ ഒരു രജിസ്റ്ററിൽ ചേർത്ത് ആയതിന്റെ സൂക്ഷിപ്പ് ചുമതല ദേവസ്വത്തിലെ വാച്ചർമാരെയോ, വാച്ചർമാരില്ലാത്ത ദേവസ്വങ്ങളിൽ ആയത് മറ്റ് ജീവനക്കാരെയോ രേഖാമൂലം ഏൽപ്പിക്കേണ്ടതാണ്. ഓരോ വിവാഹ പാർട്ടിക്കും ടി ഫർണിച്ചറുകൾ, പാത്രങ്ങൾ എന്നിവ നൽകുമ്പോൾ ഏറ്റുവാങ്ങുന്ന കക്ഷിയെക്കൊണ്ട് ഒപ്പിടുവിച്ച് ആയത് രജിസ്റ്ററിൽ ചേർത്ത് വാടക ഈടാക്കിയത് ഉൾപ്പെടെയുള്ള വിവരങ്ങൾ എഴുതി ഏറ്റുവാങ്ങുന്ന കക്ഷിയെക്കൊണ്ട് ഒപ്പിടുവിച്ച് സൂക്ഷിക്കുവാനും പാത്ര ങ്ങൾ തിരികെ ഏൽപ്പിക്കുമ്പോൾ ആയത് ബോധ്യപ്പെടുത്തി തിരികെ ഏൽപ്പിക്കുന്ന കക്ഷിയുടെ ഒപ്പു രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ഉത്തരവാകുന്നു. പരിശോധനാ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന അവസരത്തിൽ ടി രജിസ്റ്റർ ഹാജരാക്കുന്നതിനു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ്ഗ്രൂപ്പ് ആഫീസർമാർ ഉത്തരവാദികളാണെന്ന വിവരവും അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.23/05